# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.20**      **27/02/2017- ലെ മറുപടിയ്ക്ക്**

## നോട്ട് നിരോധനം മൂലമുണ്ടായ പ്രതിസന്ധി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, കെ.എസ്. ശബരീനാഥൻ<br>,,റോജി എം. ജോൺ<br>,, പി.ടി. തോമസ് | | | ശ്രീ.പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ)<br><br><br><br><br><br><br>(ബി) | കേന്ദ്ര സർക്കാർ 1000, 500 രൂപയുടെ നോട്ടുകൾ പിൻവലിച്ചത് മൂലമുണ്ടായ പ്രതിസന്ധി സംസ്ഥാനത്തിന്റെ ഏതൊക്കെ മേഖലകളെ ബാധിച്ചു എന്നു കണ്ടെത്തിയിട്ടുണ്ട്;<br><br><br>ഇതു സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെ യാണ്; | | **(എ) യും (ബി) യും**<br><br>കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം മൂലം കേരള സമ്പദ് വ്യവസ്ഥയ്ക്കു സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 നവംബർ 23-ന് പ്രൊഫസർ.സി.പി.ചന്ദ്രശേഖർ ചെയർമാനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി 2017 ഫെബ്രുവരിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഈ കമ്മിറ്റിയുടെ പഠനത്തിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തിന്റെ സമ്പദ്-വ്യവസ്ഥ യിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യ ബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് |

| | | | |
|---|---|---|---|
| | | | നിരോധനം സാരമായി ബാധിച്ചു.<br><br>2. ടൂറിസത്തിൽ നിന്നുള്ള വരുമാനം കേരള ത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കറൻസി ക്കായുള്ള നെട്ടോട്ടം ടൂറിസം മേഖലയെ സാരമായി ബാധിച്ചു.<br><br>3. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നീ മേഖലകളിൽ നോട്ട് നിരോധനം കനത്ത ആഘാതമേൽപ്പിച്ചു.<br><br>4. നോട്ട് നിരോധനം സഹകരണ മേഖലയിലെ പണമിടപാടുകൾ സ്തംഭ നാവസ്ഥയിലെത്തിച്ചു. |
| (സി) | വിവിധ മേഖലകളിലുണ്ടായ മരവിപ്പ് മറികടക്കുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെ യാണ് ; | (സി) | 1. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കു ന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റിഎസ് ബി അക്കൗണ്ട് തുറന്നു കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാര മുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോ ടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്ക കളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നട ത്തിയിട്ടുണ്ട്. |
| (ഡി) | ഇതുമൂലം സംസ്ഥാനത്തുണ്ടായ സാമ്പ ത്തിക നഷ്ടം നികത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ഡി) | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർ ക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ; | (ഇ) | പ്രതികരണം ലഭിച്ചിട്ടില്ല |
| (എഫ്) | നോട്ട് നിരോധനം മൂലം സംസ്ഥാന ത്തിന്റെ വളർച്ചയിൽ എന്തുമാറ്റമാണ് സംഭവിക്കുന്നതെന്ന് കണക്കാക്കിയിട്ടു ണ്ടോ ;എങ്കിൽ വ്യക്തമാക്കുമോ ? | (എഫ്) | കേന്ദ്രത്തിൽ നിന്നുള്ള മൊത്തം സഹായത്തിന്റെ 44% ഗ്രാന്റുകളായും ബാക്കി നികുതി കൈമാറ്റങ്ങളുമായാണ് കേരളത്തിന് ലഭിച്ച വരുന്നത്. നോട്ട് നിരോധനത്തിന്റെ തുടർച്ചയായി കേന്ദ്ര സർക്കാരിന്റെ ധന സ്ഥിതിയിൽ വരുന്ന ഏതൊരു കുറവും കേന്ദ്ര ഗ്രാന്റുകളെയും അതുവഴി സംസ്ഥാന സർക്കാരിന്റെ വരുമാനത്തെയും ബാധിക്കും ഇതിനുപുറമെ മൊത്തം ആഭ്യന്തരോത്പാദന ത്തിന്റെ വളർച്ചാ നിരക്കിലുണ്ടാകുന്ന കുറവ് കേന്ദ്ര നികുതിയെയും അതുവഴി സംസ്ഥാന ങ്ങൾക്കുള്ള നികുതി കൈമാറ്റത്തേയും ബാധിക്കും. നോട്ട് റദ്ദാക്കൽ മൂലം ദിവസേന ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു സമ്പദ് വ്യവസ്ഥയിൽ അത് നടപ്പാക്കിയാൽ റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നതിലും കുറവായിരിക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള സമ്പദ് വ്യവസ്ഥയുടെ തകർച്ചയും റിയൽ |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റ് മേഖലയിലെ മാന്ദ്യത്തെ തുടർന്ന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ വന്ന കുറവും സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2016-17-ൽ 19%-ത്തിന് മുകളിലാകാൻ സാധ്യതയില്ലെന്നാണ് . ആയതിനാൽ സംസ്ഥാന സാമ്പത്തിക വളർച്ചയിൽ ഏകദേശം 1%( ഒരു ശതമാനം) കുറവ് ഉണ്ടാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ